# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത** **06.02.2014-ൽ മറുപടിയ്ക്ക്**

**ചോദ്യം നമ്പർ .5060**

## <u>തങ്കശ്ശേരി മത്സ്യബന്ധന തുറമുഖം</u>

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. പി. കെ. ഗുരുദാസൻ** | | **ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) | തങ്കശ്ശേരി മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാം ഘട്ടവികസനത്തിന്റെ ഭാഗമായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ; | (എ) | തങ്കശ്ശേരി മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനത്തിനായുള്ള രൂപരേഖ തയ്യാറാക്കി വരുന്നു. ഇതിൽ താഴെ പറയുന്ന പ്രവൃത്തികളാണ് വിഭാവനം ചെയ്യാൻ ഉദ്ദേശമിട്ടിരിയ്ക്കുന്നത്.<br>1) 300 ലോക്കർ മുറികളുടെ നിർമ്മാണം<br>2) മേൽക്കൂരയോടുകൂടിയ ലോഡിംഗ് ഏരിയായുടെ നിർമ്മാണം<br>3) ലേലഹാളിന്റെ നീളം വർദ്ധിപ്പിക്കൽ<br>4) ടോയ്‌ലെറ്റ് ബ്ലോക്കിന്റെ നിർമ്മാണം<br>5) കടമുറികളുടെ നിർമ്മാണം<br>6) ആധുനിക ഫിഷ് മാർക്കറ്റിന്റെ നിർമ്മാണം<br>7) പ്രാഥമിക ആരോഗ്യ കെട്ടിടത്തിന്റെ നിർമ്മാണം<br>8) വിശ്രമമുറികളുടെ നിർമ്മാണം<br>9) ആന്തര റോഡിന്റെയും പാർക്കിംഗ് ഏരിയായുടെയും നിർമ്മാണം<br>10) ഫ്ലോട്ടിംഗ് ജെട്ടിയുടെ നിർമ്മാണം<br>11) സോളാർ പാനൽ സിസ്റ്റത്തിന്റെ നിർമ്മാണം<br>12) ക്ലോസ്ഡ് സർക്യൂട്ട് ടെലിവിഷൻ സ്ഥാപിക്കുന്ന പ്രവൃത്തി |
| | | | 13) ഹാർഡ് ആന്റ് സോഫ്റ്റ് ലാന്റ് സ്കേപ്പിംഗ്<br>14) ഗേറ്റിന്റെയും ഗേറ്റ് റൂമിന്റെയും നിർമ്മാണം<br>15) ഓടയുടെ നവീകരണം<br>16) വർക്ക്ഷോപ്പ് കെട്ടിടത്തിന്റെ നിർമ്മാണം<br>17) വൈദ്യുതീകരണ സംവിധാനത്തിന്റെ നവീകരണം |

| | | | |
|---|---|---|---|
| | | 1. | 18) ജലവിതരണ സംവിധാനത്തിന്റെ നവീകരണം |
| (ബി) | പ്രസ്തുത പദ്ധതിക്ക് ആവശ്യമായി വരുന്ന തുക എത്രയെന്ന് വ്യക്തമാക്കാമോ; | (ബി) | തങ്കശ്ശേരി മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാം ഘട്ട വികസനത്തിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരികയാണ്. എസ്റ്റിമേറ്റ് തുക അത് പൂർത്തിയായശേഷമേ പൂർണ്ണമായും അറിയാൻ സാധിക്കുകയുള്ളൂ. |
| (സി) | നടപ്പ സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കാവശ്യമായ തുക വകയിരുത്തുമോ; പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനുള്ള ഭരണാനുമതി എന്നത്തേയ്ക്ക് നൽകാൻ കഴിയുമെന്ന് അറിയിക്കാമോ? | (സി) | തങ്കശ്ശേരി മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാം ഘട്ട വികസനത്തിനായി 75% കേന്ദ്ര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നതേയുള്ളൂ. |

Jayasree

**സെക്ഷൻ ഓഫീസർ**